(10) (1) ഓർഡിനൻസ് അസാധുവാണെന്നത് സംബന്ധിച്ച്

2016 നവംബർ 2-ാം തീയതി 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിന്റെ പരിഗണനാവേളയിൽ ഭരണഘടനയുടെ അനുച്ഛേദം 213(2)(a) പ്രകാരം സഭ സമ്മേളിച്ച് ആറാഴ്ചയാണ് (42 ദിവസം) ഓർഡിനൻസിന്റെ കാലാവധിയെ അനുപ്രകാരം 19-08-2016-ന് പുറപ്പെടുവിച്ച ഈ ഓർഡിനൻസ് ഒക്ടോബർ 24-ന് അസാധുവായിട്ടുള്ളതുകൊണ്ട് ഭരണഘടനയുടെ അനുച്ഛേദം 213(3) പ്രകാരം ഈ ഓർഡിനൻസ് അസാധുവാണെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

(2) ഓർഡിനൻസിലെ വൈരുദ്ധ്യം

2016 നവംബർ 2-ാം തീയതി 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിന്റെ പരിഗണനാവേളയിൽ 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ടിലേയും 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിലേയും രണ്ട് വകുപ്പുകൾ തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുകയാണെന്നും കേരള ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ടിലെ ക്ലോസ് 4 പ്രകാരം ഏതെങ്കിലും സ്വകാര്യ

വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ കമ്പനിയുടെയോ വായ്പയിന്മേൽ ഗവൺമെന്റ് ഗ്യാരണ്ടി കൊടുക്കാൻ പാടില്ലെന്നും കിഫ്ബി ബില്ലിലെ 8-ാം വകുപ്പിൽ സ്വകാര്യ വ്യക്തികളിൽ നിന്നും കമ്പനികളിൽ നിന്നും വായ്പ സ്വീകരിക്കാമെന്നും 10(1)-ൽ സർക്കാർ/ബോർഡ് സമാഹരിക്കാനുദ്ദേശിക്കുന്ന തുകയുടെ പലിശയും മുതലും നൽകുന്നതിന് ഗ്യാരണ്ടി നൽകേണ്ടതാണെന്നും പറയുന്നുണ്ട്. 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്റ്റിന്റെ പരിധിയിൽ നിൽക്കുമെന്ന് ബില്ലിന്റെ ക്ലോസിൽ പറഞ്ഞിട്ടുള്ളതിനാൽ ഇത് പരസ്പരവിരുദ്ധമാണെന്നും ഈ ബില്ലിന്റെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്റ്റ് ഭേദഗതി ചെയ്യണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

2016 നവംബർ 6-ന് മാത്രമേ സഭാസമ്മേളനം 42 ദിവസം പൂർത്തിയാകുകയുള്ളൂ. അതിനാൽ ഓർഡിനൻസ് അസാധുവാണെന്ന തടസ്സവാദം നിലനിൽക്കുന്നതല്ല. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനസമാഹരണത്തിനായി സർക്കാർ രൂപീകരിക്കുന്ന കിഫ്ബിയുടെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമാണെന്നും സർക്കാരിന്റെയോ സർക്കാർ ഭൂരിപക്ഷ

ഓഹരിയുള്ളതോ ആയ സ്ഥാപനത്തിനുവേണ്ടിയാണ് ഗ്യാരണ്ടി നിൽക്കുന്നതെന്നതിനാൽ 2003-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടി (പരമാവധി) ആക്ടിന്റെ നാലാം വകുപ്പ് കിഫ്ബി ബില്ലിന് തടസ്സമല്ല. കിഫ്ബി ബിൽ സ്പെഷ്യൽ ആക്ടാണെന്നും 2003-ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടീസ് ആക്ട് സർക്കാർ ഗ്യാരണ്ടികളുള്ള പൊതുനിയമവുമാണ്. കൂടാതെ, Special act repeals the general law എന്ന് സുപ്രീം കോടതിയും വിവിധ കേസുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ബില്ലിന്റെ അടിസ്ഥാന ഘടനയിൽ മാറ്റംവരുത്തുന്ന തരത്തിലുള്ള ഭേദഗതികളൊന്നും വന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"സഭ സമ്മേളിച്ച 26-09-2016 മുതൽ കണക്കാക്കുമ്പോൾ നവംബർ 7-ാം തീയതിയാണ് 42 ദിവസം പൂർത്തീകരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസ് ഇപ്പോഴും നിലനിൽക്കുകയാണ്. ഓർഡിനൻസ് ലാപ്സായെന്ന വാദം ശരിയല്ല. അതിനാൽ ശ്രീ. കെ. എം. മാണി ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. സഭ പരിഗണിക്കുന്ന ബില്ലിലെ

* XIV KLA/II Session Vol.163 Report No. 21 dated 02-11-2016

വകുപ്പുകളിലോരോന്നിലും ഉന്നയിക്കപ്പെട്ട ആശങ്കയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള ഒഴിവാക്കലോ, കൂട്ടിച്ചേർക്കലോ, ഭേദഗതികളോ ആവശ്യമായി വരുന്നപക്ഷം പ്രസ്തുത വകുപ്പുകളുടെ പരിഗണനാവേളയിൽ യുക്തമായ ഔദ്യോഗിക ഭേദഗതികൾ മന്ത്രിക്ക് കൊണ്ടുവരാവുന്നതും യുക്തമായ ഭേദഗതി നിർദ്ദേശിക്കാൻ അംഗത്തിന് തദവസരത്തിൽ ചെയർ അവസരം നൽകുന്നതുമാണ്. ആയതിനാൽ ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല"